## 2020 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയകക്ഷികളും പ്രചാരണപ്രവർത്തനങ്ങൾ നടത്തുമ്പോൾ പാലിക്കേണ്ട മുൻകരുതൽ നിർദേശങ്ങൾ.

- തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി, ഭവന സന്ദർശനത്തിന് ഒരേ സമയം സ്ഥാനാർഥികൾ ഉൾപ്പെടെ പ രമാവധി അഞ്ച് പേർ മാത്രം.

- കോവിഡ് പ്രോട്ടോകോൾ പാലിച്ച് വേണം സ്ഥാനാർത്ഥികളും മറ്റും ഭവന സന്ദർശനം നടത്തേണ്ടത്.

- റോഡ് ഷോ/വാഹനറാലി എന്നിവയ്ക്ക് പരമാവധി മൂന്നു വാഹനങ്ങൾ മാത്രം.

- ജാഥ, ആൾക്കൂട്ടം, കൊട്ടിക്കലാശം എന്നിവ കോവിഡ് 19 –ന്റെ പശ്ചാത്തലത്തിൽ ഒഴിവാക്കേണ്ടതാണ്.

- പൊതുയോഗങ്ങൾ, കുടുംബയോഗങ്ങൾ എന്നിവ കോവിഡ്– 19 ന്റെ നിയന്ത്രണങ്ങൾ പാലിച്ചും, സർക്കാർ/ആരോഗ്യവകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചും മാത്രമേ നടത്താൻ പാടുള്ളൂ. കൂടാതെ പൊതുയോഗങ്ങൾ നടത്തുന്നതിന് പോലീസിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

- സ്ഥാനാർഥികൾക്ക് ഹാരം, ബൊക്കെ, നോട്ടുമാല, ഷാൾ എന്നിവയോ മറ്റോ നൽകികൊണ്ടുള്ള സ്വീകരണ പരിപാടി പാടില്ല.

- ഏതെങ്കിലും സ്ഥാനാർത്ഥിക്ക് കൊവിഡ് പോസിറ്റീവ് ആവുകയോ ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന ക്വാരന്റൈനിൽ പ്രവേശിക്കുകയോ ചെയ്യുന്നപക്ഷം ഉടൻ തന്നെ പ്രചരണ രംഗത്തുനിന്നും മാറിനിൽക്കുകയും ജനങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കുകയും വേണം. ടെസ്റ്റ് റിസൾട്ട് നെഗറ്റീവ് ആയതിനുശേഷം ആരോഗ്യവകുപ്പിന്റെ നിർദേശാനുസരണം മാത്രമേ തുടർപ്രവർത്തനം പാടുള്ളൂ.

- പോലീസ് അനുമതി ഇല്ലാതെയോ രാത്രി 10 മണിമുതൽ രാവിലെ 6 മണിക്ക് ഇടയിലോ ഉച്ച ഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല.

ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.